(എ.) മേത്തല പഞ്ചായത്തു തിരഞ്ഞെടുപ്പോട്ടുക്കുടി റോഡ് ബോർഡിലേക്കുള്ള മെമ്പറുടെ തിരഞ്ഞെടുപ്പ് നടത്തുവാൻ റജിസ്ട്രാർ അവർകൾ ഇൻസ്പെക്ടർക്ക് കല്പന കൊടുത്തിട്ടുണ്ടോ;

(ബി.) റോഡ് ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പ് ആ ദിവസം നടത്തുമെന്ന മെമ്പർമാർക്ക് രേഖാമൂലം അറിവു കൊടുത്തിട്ടുണ്ടോ;

(സി.) കൊടുത്തിട്ടില്ലെങ്കിൽ അറിയിപ്പു കൊടുക്കാതെ തിരഞ്ഞെടുപ്പു നടത്തുവാൻ കാരണമെന്ത്?

മിസ്റ്റർ പി. വി. റാഫേൽ.—

(എ.) ഉവ്വ്.

(ബി.) ഇല്ല.

(സി.) ഒരു പഞ്ചായത്തു പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പു കാലത്തു് ആ പഞ്ചായത്തിലെ റോഡ് ബോർഡ് പ്രതിനിധി മെമ്പരുടെ കാലാവധിയും കഴിഞ്ഞിട്ടുണ്ടെങ്കിൽ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്ന യോഗത്തിൽവച്ചുതന്നെയാണ് റോഡ് ബോർഡ് മെമ്പരെ തിരഞ്ഞെടുക്കാറും പതിവു്. പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പു യോഗത്തിൽ മെമ്പർമാർ എല്ലാവരും ഹാജരാകുമെന്നുള്ള ഉദ്ദേശത്തിന്മേലും റോഡ് ബോർഡ് പ്രതിനിധി മെമ്പരുടെ തിരഞ്ഞെടുപ്പിന്നുവേണ്ടി പ്രത്യേകിച്ചു് ഒരു യോഗം കൂടാതെ കഴിക്കാമെന്നുള്ള ഉദ്ദേശത്തിന്മേലും റോഡ് ബോർഡ് ഇലക്ഷന്നു പ്രത്യേകിച്ചു് നോട്ടീസ്സു കൊടുക്കാറു പതിവുണ്ടായിരുന്നില്ല.

385. മിസ്റ്റർ പി. കൃഷ്ണമേനോൻ.— മിസ്റ്റർ അക്കരപ്പറമ്പിൽ തിരഞ്ഞെടുപ്പു കാര്യത്തിൽ മിസ്റ്റർ കുമാരൻ എന്ന മെമ്പരോടു മറെറാരു സ്ഥാനാർത്ഥിയെ അനുകൂലിച്ചു വോട്ടു ചെയ്യണമെന്നു് ഉപദേശിച്ചുതായി വല്ല ആക്ഷേപവും റജിസ്ട്രാർ അവർകളുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തെല്ലാം നടപടികൾ റജിസ്ട്രാർ അവർകൾ നടത്തീട്ടുണ്ടു്?

മിസ്റ്റർ പി. വി. റാഫേൽ.— ഉവ്വ്.

ഈ ആക്ഷേപത്തെപ്പറ്റി വേണ്ടത്തക്ക അന്വേഷണങ്ങൾ നടത്തി. എന്നാൽ പഞ്ചായത്തു് ഇൻസ്പെക്ടർ മെമ്പർ മിസ്റ്റർ കുമാരനെ ഉപദേശിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്നു തെളിയിക്കുന്നതിന്നു മിസ്റ്റർ കുമാരനെ വിസ്തരിപ്പാൻ ടിയാൻ ഹാജരാവാതെയാണു് ഇരുന്നിട്ടുള്ളതു്. അതിനാൽ ഇൻസ്പെക്ടരുടെ പേരിലുള്ള കുറ്റം സാധുവാണെന്നു തെളിയിച്ചിട്ടില്ല.

386. Mr. A. Eachara Menon.—Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly